**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3791** **17-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനം കൈവരിച്ച മുന്നേറ്റം സംബന്ധിച്ച് പ്രഗത്ഭരുടെ അഭിപ്രായപ്രകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി വ്യവസായ മേഖലയിലും മറ്റും കേരളം കൈവരിച്ച മുന്നേറ്റത്തെക്കുറിച്ച് പാർലമെന്റംഗമായ ശശിതരൂർ പ്രമുഖ ദേശീയ ഇംഗ്ലീഷ് പത്രത്തിൽ എഴുതിയ ലേഖനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | (എ)യും (ബി)യും(സി)യും (ഡി)യും<br><br>കേരളത്തിന്റെ വ്യവസായ വളർച്ച ലോകമാകെ ശ്രദ്ധ നേടിയിരിക്കുകയാണ്. രാജ്യത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയിൽ കേരളം ഒന്നാമത് എത്തിയതോടെ വൻകിട വ്യവസായങ്ങൾ സംസ്ഥാനത്തേക്ക് വരുന്ന സ്ഥിതി സംജാതമായി. വ്യവസായ വളർച്ചക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് തൊഴിൽ നൈപുണ്യത്തിന് അവസരമൊരുക്കാനും നടപടിക്രമങ്ങൾ ലഘൂകരിക്കാനും, ഉദ്യോഗസ്ഥതലം കൂടുതൽ ജനസൗഹൃദമാക്കാനും ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചത്. ഇതോടെ പുതിയൊരു വ്യവസായ വിപ്ലവത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞു. കേരളം വ്യവസായ സൗഹൃദമല്ലെന്ന തരത്തിൽ ദീർഘകാലമായി നടന്നുവരുന്ന പ്രചരണങ്ങൾ സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലിന്റെ ഫലമായി അടിസ്ഥാനമില്ലാത്തതാണെന്ന് സ്ഥാപിക്കാനായി. കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനുള്ള ഒറ്റക്കെട്ടായ പ്രവർത്തനത്തിന്റെ വിജയമാണിത്. 2025 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക ഉച്ചകോടി വ്യവസായ മേഖലയിൽ അഭൂതപൂർവ്വമായ മാറ്റത്തിന് വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്രകാരം നമ്മുടെ വ്യവസായ രംഗത്തെ കുതിച്ചുചാട്ടത്തിനായി എല്ലാവരെയും യോജിപ്പിച്ചു കൊണ്ട് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് കക്ഷി-രാഷ്ട്രീയ ഭേദമെന്യേ വലിയ സ്വീകാര്യതയും പ്രശംസയുമാണ് ലഭിച്ചിട്ടുള്ളത്. |
| (ബി) | ഇൻവെസ്റ്റ് കേരളയുടെ ഉദ്ഘാടന ചിത്രത്തോടൊപ്പം 'സാമ്പത്തിക-വികസന കാര്യങ്ങളിൽ പാർട്ടി | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വേർതിരിവുകളിൽ നിന്നും ഉപരിയായി നിലകൊള്ളണം' എന്ന് അദ്ദേഹം സോഷ്യൽ മീഡിയയിലൂടെ അഭ്യർത്ഥിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | കണ്ണൂരിൽ നടത്തിയ അന്താരാഷ്ട്ര പഠന കോൺഗ്രസിന്റെ ഭാഗമായി, മുൻ കേന്ദ്രമന്ത്രി മണിശങ്കർ അയ്യർ 'പഞ്ചായത്ത്‌രാജ് നടപ്പാക്കിയതിൽ കേരളം ലോകത്തിന് മാതൃകയാണ്' എന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | എല്ലാവരെയും യോജിപ്പിച്ച് നടത്തേണ്ടതാണ് നാടിന്റെ പൊതുവായ വികസനമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിനുള്ള അംഗീകാരമായി ഇതിനെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ